"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയേതരയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ഏഴാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി)വകുപ്പ്**

സ.ഉ.(സാധാ) നം.14/2026/CLAD തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:-

1. 04.08.2020-ലെ സ.ഉ(പി)നം. 103/2020/ധന
2. 04.01.2021 ലെ 1/2021/ധന നമ്പർ സർക്കുലർ
3. 26.07.2022-ലെ 65/2022/ഫിൻ നമ്പർ സർക്കുലർ
4. സ.ഉ.(സാധാ) നം.234/2025/സാം.കാ.വ തീയതി, 26.04.2025
5. സ.ഉ.(സാധാ) നം.408/2025/സാം.കാ.വ തീയതി, 22.07.2025
6. സ.ഉ.(സാധാ)നം.495/2025/സാംകാവ തീയതി, 29.08.2025
7. സ.ഉ(സാധാ)നം.563/2025/സാംകാവ തീയതി, 06.10.2025
8. സ.ഉ(സാധാ)നം.623/2025/സാംകാവ തീയതി, 30.10.2025
9. സ.ഉ.(സാധാ) നം.705/2025/സാംകാവ തീയതി, 02.12.2025
10. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 12.12.2025 -ലെ എ/1354/2025/സിൽ നമ്പർ കത്ത്.

**ഉത്തരവ്**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ "2202-05-102-96-36(NP)" എന്ന ശീർഷകത്തിൽ ₹3,44,24,000 വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും ഒന്നാം ഗഡുവായി ₹68,84,000 പരാമർശം (4) പ്രകാരവും രണ്ടാം ഗഡുവായി ₹30,60,000 പരാമർശം (5) പ്രകാരവും മൂന്നാം ഗഡുവായി ₹30,60,000 പരാമർശം (6) പ്രകാരവും നാലാം ഗഡുവായി ₹30,00,000 പരാമർശം (7) പ്രകാരവും

അഞ്ചാം ഗഡുവായി ₹30,70,000 പരാമർശം (8) പ്രകാരവും ആറാം ഗഡുവായി ₹30,70,000 പരാമർശം (9) പ്രകാരവും (ആകെ ₹2,21,44,000) അനുവദിച്ചു നൽകിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതരയിനത്തിൽ വകയിരുത്തിയ ധനസഹായത്തിന്റെ ഏഴാം ഗഡു അനുവദിക്കുന്നതിനുള്ള ശിപാർശ പരാമർശം (10) പ്രകാരം ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് 2025-26 വർഷത്തിൽ "2202-05-102-96-36(NP)" എന്ന പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും **₹38,00,000 (മുപ്പത്തിയെട്ട് ലക്ഷം രൂപ മാത്രം)** ഏഴാം ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (2) ലെ നിബന്ധനകൾ പ്രകാരം പ്രസ്തുത തുക കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള **799011400006903** എന്ന **STSB** അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ്/അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ധനവിനിയോഗ സാക്ഷ്യപത്രം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, പരാമർശം (1) ലും (3) ലും നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരം സ്ഥാപനത്തിൽ ജി-സ്പാർക് നടപ്പിൽ വരുത്തിയ ശേഷം മാത്രം അടുത്ത ഗഡു ഫണ്ടിനായുള്ള പ്രൊപ്പോസൽ ലഭ്യമാക്കേണ്ടതാണ്. ഇപ്പോൾ അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം, പ്രതീക്ഷിത ചെലവ് വിവരം എന്നിവ പ്രൊപ്പോസലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (03.01.2026-ലെ 3122508 EDN-C3/78/2025-FIN നമ്പർ കുറിപ്പ് പ്രകാരം )

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ, തിരുവനന്തപുരം

ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (C1/53/2025-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 07-01-2026 10:39:03
സെക്ഷൻ ഓഫീസർ

പകർപ്പ് :- സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി. എസ്. ന്